## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 605 28.10.2011 ൽ മറുപടിയ്ക്ക്**

**ഗുണ്ടാ-മാഫിയ സംഘങ്ങളെ നിയമപരിധിയിൽ കൊണ്ടുവരുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.വി.അബ്ദുൾ ഖാദർ:**<br>**ശ്രീ. പി.കെ.ഗുരുദാസൻ:**<br>**ശ്രീ. വി. ശിവൻകുട്ടി:**<br>**ശ്രീ. എ. പ്രദീപ്കുമാർ:** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;<br><br>(ബി) ഗുണ്ട-മണൽ-ബ്ലേഡ്, വാടകപിരിവ്, സി.സി തുടങ്ങിയ മാഫിയകളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമവ്യവസ്ഥകൾ നടപ്പാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; | (എ) & (ബി). ഉണ്ട്. ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ കർശനവും, കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഗുണ്ടാ/ക്വട്ടേഷൻ സംഘങ്ങളെ തിരിച്ചറിയുന്നതിനും സസൂക്ഷ്മം നിരീക്ഷിക്കുന്നതിനും അവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനുമായി Kerala Anti-social Activities (Prevention) Act, 2007 സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. ഈ നിയമ പ്രകാരം ഗുണ്ട/ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് അനധികൃതമായി മണൽകടത്ത് നടത്തുന്നവരെ കണ്ടെത്തുന്നതിനും, ആയത് തടയുന്നതിനും കർശനമായ നിയമ നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) നിയമവ്യവസ്ഥകൾ നടപ്പാക്കുന്നുണ്ടെങ്കിൽ ഇപ്പോൾ സംസ്ഥാനത്താകെ മാഫിയ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്നത് എന്തുകൊണ്ടാണ്? | (സി) നിലവിലുള്ള നിയമവ്യവസ്ഥകൾ അനുസരിച്ച് ഫലപ്രദവും കാര്യക്ഷമവുമായി നടപടികൾ സ്വീകരിക്കുന്നതുകൊണ്ട് സംസ്ഥാനത്ത് മാഫിയ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ